LIBRARY ARCHIVES Kerala Legislative Assembly

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ സംബന്ധിച്ച് സംസ്ഥാന ഔഷധ നിയന്ത്രണ വിഭാഗത്തിൽനിന്നോ മറ്റ് ഏതെങ്കിലും തരത്തിലോ ജനറിക് മരുന്നുകളുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് ടി മരുന്നുകളുടെ വിതരണം ഉടനടി നിർത്തിവയ്ക്കുകയും കമ്പനികൾക്കെതിരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതുൾപ്പെടെയുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുകയും ചെയ്യുന്നു. ഒരു മരുന്നിന്റെ രണ്ടോ അതിലധികമോ ബാച്ചുകൾ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ടാൽ ആ ഇനം മരുന്നിനെ കരിമ്പട്ടികയിൽപ്പെടുത്തുന്നതുമാണ്. രണ്ടോ അതിലധികമോ ഇനം മരുന്നുകൾ കരിമ്പട്ടികയിൽപ്പെട്ടാൽ അവ വിതരണം ചെയ്യുന്ന കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തുന്നതാണ്. ഇത്തരത്തിൽ കരിമ്പട്ടികയിൽപ്പെടുത്തിയ മരുന്നുകളും കമ്പനികളും അടുത്ത മൂന്ന് (3) വർഷകാലത്തേയ്ക്ക് ഇന്ത്യയിൽ മരുന്ന് വിതരണവുമായിബന്ധപ്പെട്ട ഒരു ദർഘാസുകളിലും പങ്കെടുക്കാൻ സാധിക്കുന്നതല്ല. കഴിഞ്ഞ അഞ്ചുവർഷകാലയളവിൽ മേൽനടപടിക്രമങ്ങളിലൂടെ കോർപ്പറേഷൻ 43 ഇനം മരുന്നുകളെയും 7 മരുന്ന് കമ്പനികളെയും കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ഓപ്പറേഷൻ തിയേറ്റർ

91 (3523) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നാണ് സ്ഥാപിച്ചതെന്ന് വിശദമാക്കാമോ ;

(ബി) ഈ ബ്ലോക്കിൽ ഓപ്പറേഷൻ തീയേറ്റർ സ്ഥാപിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2006 സെപ്റ്റംബർ 23-ാം തീയതിയാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് സ്ഥാപിച്ചത്.

(ബി) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ 5-ാം നിലയിൽ ഓപ്പറേഷൻ തീയേറ്റർ കോംപ്ലക്സ് സ്ഥാപിക്കുന്നതിന് 20 കോടി രൂപ അനുവദിച്ചിരുന്നു. ദർഘാസ് നടപടികൾ തുടങ്ങിയെങ്കിലും സാമ്പത്തിക വർഷാവസാനം (2010-11) അത് പൂർത്തീകരിക്കാനാവാതെ വന്നതിനാൽ തീയേറ്റർ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. തുടർന്നുവന്ന സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല